# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-14/110/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

തീയ്യതി: 22/02/2023

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-14/110/2023 തീയ്യതി: 22/02/2023

## പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-05-2022 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-12-2022 | 22-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 22-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ

ഷർഫുദ്ദീൻ.എസ്.എച്ച്. -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സരിത.പി. -സീനിയർ ഗ്രേഡ് ഓഡിറ്റർ

അശ്വിനി.ടി.കെ.- ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രസീദ.എൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അംബുജാക്ഷൻ.പി.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അഞ്ജു | മെഡിക്കൽ ഓഫീസര്, എഫ്.എച്ച്. സി | 01-04-2021 | 31-03-2022 |
| ഡോ. വിനീഷ് . പി. വി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ഫാത്തിമ രഹന. എം | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.ജയൻ എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ എ ജയകൃഷ്ണൻ | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| ശ്രീ ഗിരീഷ് ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ നവനീത്. പി. കെ | വി.ഇ.ഒ സർക്കിൾ -1(Additional Charge) | 01-04-2021 | 13-08-2021 |
| ശ്രീമതി അനുഷ.ജെ | വി.ഇ.ഒ സർക്കിൾ -1(Additional Charge) | 14-08-2021 | 19-09-2021 |
| ശ്രീ.മണികണ്ഠൻ. വി | വി.ഇ.ഒ- സർക്കിൾ-1 | 20-09-2021 | 31-03-2022 |
| ശ്രീമതി അനുഷ. ജെ | വി.ഇ.ഒ സർക്കിൾ-2 | 01-04-2021 | 31-03-2022 |
| ശ്രീ നവനീത്. പി. കെ | വി.ഇ.ഒ സർക്കിൾ-3 | 01-04-2021 | 13-08-2021 |
| ശ്രീമതി അനുഷ.ജെ | വി.ഇ.ഒ-സർക്കിൾ-3(Additional Charge) | 14-08-2021 | 19-09-2021 |
| ശ്രീ.മണികണ്ഠൻ. വി | വി.ഇ.ഒ-സർക്കിൾ-3(Additional Charge) | 20-09-2021 | 31-03-2022 |
| ശ്രീമതി ലിമിലാൽ ടി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 25-10-2021 |
| ശ്രീമതി. സ്മിത.എം.ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-10-2021 | 31-03-2022 |
| ശ്രീമതി. അഫ്സ.എം.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 14-09-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ദിവ്യ | ക്ഷീരവികസന ഓഫീസർ | 15-09-2021 | 01-12-2021 |
| ശ്രീമതി. ശ്രുതി | ക്ഷീര വികസന ഓഫീസർ | 02-12-2021 | 31-03-2022 |
| ശ്രീ.അശ്വിൻ.ടി. | കൃഷി ഓഫീസർ | 01-04-2021 | 20-10-2021 |
| ശ്രീ.അലക്സ്.വി. | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ശ്രീമതി.റീജ.എസ്.രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 10-06-2021 |
| ശ്രീ.അജിത്കുമാർ.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-06-2021 | 19-07-2021 |
| ശ്രീ.പ്രസന്നകുമാർ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-11 |
| 13 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 14 | ഡിമാന്റ് വിവരങ്ങൾ കൃത്യമല്ല | 1-12-1 |
| 15 | ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല | 1-12-2 |
| 16 | ലൈസൻസ് ഫീസ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. | 1-12-3 |
| 17 | ലൈസൻസിന് അപേക്ഷ സമർപ്പിച്ച് ഫീസ് അടച്ച അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടില്ല. | 1-12-4 |
| 18 | രസീതി പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 19 | ദൈനംദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കിയിട്ടുള്ളതിൽ കാലതാമസം | 1-13-1 |
| 20 | രസീതി പ്രകാരമുള്ള തുക ബാങ്കിൽ അടവാക്കിയിട്ടില്ല. | 1-13-2 |
| 21 | തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 22 | വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-14-1 |
| 23 | തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-14-2 |
| 24 | തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14-3 |
| 25 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം | 1-15 |
| 26 | ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |

| | | |
|---|---|---|
| 27 | ഇൻഡസ്ട്രിയൽ ഏരിയക്ക് സമീപം സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-17 |
| 28 | RO വാട്ടർ ഫിൽട്ടർ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-18 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 30 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകയിരുത്തിയ മുഴുവൻ ഫണ്ടും നൽകാൻ കഴിഞ്ഞിട്ടില്ല | 1-20 |
| 31 | അങ്കണവാടി ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റൽ പ്രവർത്തനം -ARTCO യുടെ ബില്ലിൽ നിന്നും ടി.ഡി.എസ് ചെയ്തില്ല | 1-21 |
| 32 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ- നിജസ്ഥിതി വിലയിരുത്തി നടപടികൾ സ്വീകരിക്കണം | 1-22 |
| 33 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ കുറവായി ഈടാക്കി | 1-23 |
| 34 | ആശ്രയ പദ്ധതി- വികസന ഫണ്ട് കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല | 1-24 |
| 35 | പഠനമുറി നിർമ്മാണം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല. | 1-25 |
| 36 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - വാങ്ങിയ വാട്ടർ ടാങ്ക് മുഴുവനും വിതരണം ചെയ്തിട്ടില്ല | 1-26 |
| 37 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-27 |
| 38 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-28 |
| 39 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല | 1-29 |
| 40 | വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കലും അനുബന്ധ പ്രവൃത്തികളും- തുക ചെലഴിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-30 |
| ഭാഗം **2** | | |
| 1 | രസീതി പ്രകാരമുള്ള തുക ബാങ്കിൽ അടവാക്കിയിട്ടില്ല. | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

19.02.2021-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16,45,23,275 |
| പ്രതീക്ഷിത വരവ് | 56,44,82,000 |
| ആകെ വരവ് | 72,90,05,275 |
| ചെലവ് | 55,96,80,000 |
| നീക്കിയിരിപ്പ് | 16,93,25,275 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 27.07.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.തനത് വരവ് ഇനങ്ങളായ തൊഴിൽ നികുതി, ലൈസൻസ് ഫീ, പെർമിറ്റ് ഫീ, റെഗുലറൈസേഷൻ ഫീ, വസ്തു നികുതി, വാടക, ലേലം തുടങ്ങിയവയുടെ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത് രജിസ്റ്ററുകൾ പൂർണ്ണമായി എഴുതാതെയും സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയും ആണ്.

2. രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ, സാംഖ്യ സോഫ്റ്റ് വെയറിൽ സാമ്പത്തിക വർഷാവസാനം ലഭ്യമായ കണക്കുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

3. SBI Life Loan ബാങ്ക് അക്കൗണ്ടിന്റെ (A/c No-57005416944, Code-450210101) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 1,27,000രൂപയുടെ ചെക്ക് "Deposited But Not Collected" എന്ന് രേഖപ്പെടുത്തികാണുന്നു. (ചെക്ക് നമ്പർ- 011607 തീയതി-17.02.2018). 17.02.2018 തീയതിയിലെ ചെക്ക്

നിലവിലും ബാങ്കിൽ കളക്ഷൻ ആയിട്ടില്ല.

4. MGNREGS ക്യാഷ് ബുക്കിലെ അഡ്മിൻ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5.ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 20/22-12-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 73317464 |
| വരവ് | ₹ 204273389 |
| ആകെ | ₹ 277590853 |
| ചെലവ് | ₹ 208780531 |
| നീക്കിയിരിപ്പ് | ₹ 68810322 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ* | 0 | 27859155 | 27859155 | 27662010 | 197145 |
| വികസനഫണ്ട് - എസ്.സി.പി ** | 0 | 14175512 | 14175512 | 12393137 | 1782375 |
| വികസനഫണ്ട് - ടി.എസ്.പി *** | 0 | 3957450 | 3957450 | 3333028 | 624422 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15716067 | 15716067 | 14290908 | 1425159 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 11343063 | 11343063 | 4939712 | 6403351 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Treasury | 0 | 4758171 | 4758171 | 2325775 | 2432396 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank | 0 | 9916000 | 9916000 | 7351969 | 2564031 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Treasury | 0 | 5938312 | 5938312 | 4006264 | 1932048 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank | 0 | 6693175 [6611000 +82175 (പലിശ)] | 6693175 | 5697782 | 995393 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied &Untied) ബാങ്ക് ബുക്ക് പരിശോധിച്ചതിൽ നീക്കിയിരിപ്പ് 3868854/- രൂപയാണ്. എന്നാൽ ACR പ്രകാരം തുക 3559424/- (2564031+ 995393) രൂപയാണ്. വ്യത്യാസം വന്ന 309430/- രൂപയിൽ കോൺട്രാക്ടർമാരുടെ ബില്ലിൽ നിന്നും കുറവു ചെയ്ത നികുതികളും, ക്ഷേമനിധി വിഹിതവും ഉൾപ്പെട്ടിട്ടുണ്ട്. ഈ തുകകൾ 2022-23 സാമ്പത്തിക വർഷമാണ് അടവാക്കിയിരിക്കുന്നത്.

* ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫല തുക ഇനത്തിൽ ഈടാക്കുന്ന തുക (ജനറൽ) 7692201 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

** ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) 322667 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

*** ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) 146666 രൂപ വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2522823 | 1129133 | 3651956 | 2414054 | 1237902 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3474 | 1197473 | 1200947 | 1200945 | 2 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 63191887 | 63191887 | 63191887 | 0 |
| ആകെ | 3474 | 64389360 | 64392834 | 64392832 | 2 |

*3. ശുചിത്വ ഫണ്ട്*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 943099 | 0 | 943099 | 0 | 943099 |

4.TSC

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 4748319 | 0 | 4748319 | 3291628 | 1456691 |

4. WGDP

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| WGDP | 255564 | 14183 | 269747 | 0 | 269747 |

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1250000 | 1100000 | 2350000 | 1372000 | 978000 |
| സാക്ഷരത | 9370 | 0 | 9370 | 0 | 9370 |
| ആശ്രയ ചലഞ്ച് ഫണ്ട് | 46585 | 1333333 | 1379918 | 0 | 1379918 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 277097109 | 195 | 143903616 | 0 | 74 | 72.49 |

അംഗീകാരം ലഭ്യമായ 269പ്രൊജക്ടുകളിൽ 195 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51.93% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 16203750 | 12805435 | 79.02 |
| വെറ്ററിനറി സർജ്ജൻ | 10 | 6 | 8100000 | 2540000 | 31.36 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 7 | 7 | 2753785 | 2268175 | 82.37 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1250000 | 1250000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 16 | 79938800 | 21167313 | 26.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 12188350 | 10300768 | 84.51 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1710000 | 810000 | 47.37 |
| സെക്രട്ടറി | 48 | 34 | 63023822 | 46534368 | 73.84 |
| ഹെഡ് മാസ്റ്റർ | 9 | 7 | 3280755 | 2420828 | 73.79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 88 | 76315172 | 36184949 | 47.42 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 13 | 11882675 | 7171780 | 60.35 |
| ആകെ | 269 | 195 | 277097109 | 143903616 | 51.93 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി

പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3474 | 1197473 | 1200947 | 1200945 | 2 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 63191887 | 63191887 | 63191887 | 0 |
| ആകെ | 3474 | 64389360 | 64392834 | 64392832 | 2 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6522200 | 663 |
| വിധവാപെൻഷൻ | 35949500 | 1407 |
| വാർദ്ധക്യകാലപെൻഷൻ | 67288600 | 5235 |
| വികലാംഗപെൻഷൻ | 8473600 | 303 |
| അവിവാഹിത പെൻഷൻ | 1805000 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022 ന് 03.45 Pm മണി സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,17,102/-രൂപ (ഒരു ലക്ഷത്തി പതിനേഴായിരത്തി ഒരുനൂറ്റി രണ്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയും അപൂർണ്ണമാണ്. തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നിയമാവലി തയ്യാറാക്കേണ്ടതും പിരിച്ചെടുക്കുന്ന തുക മുഴുവൻ ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വസ്തു നികുതി -ഡാറ്റാ പ്യൂരിഫിക്കേഷനിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

മാലിന്യ സംസ്കരണം -എം.സി.എഫ്. -പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2021-22 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹10432452/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി തുക നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ പെർഫോമൻസ് വിഭാഗം ഓഡിറ്റ് 2022 ഒക്ടോബർ മാസം വരെ പൂർത്തീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആഗസ്റ്റ് 2022 വരെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഗുരുതരമായ അപാകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 2018-19 പൂർത്തീകരിച്ചിട്ടുണ്ട്. ഗുരുതരമായ പരാമർശങ്ങളില്ല. 12 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കാനുള്ളതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 34 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിൽ 2021-22 വരെയുള്ള കാലയളവിൽ 9 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായ 2,67,541/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC) ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 6/527<br>സബ്ബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ പേട്ടക്കാട് | 10 | 3675 | 24378 | 2013 മുതൽ |
| 2 | 6/880<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 21.62 | 10216 | 15323 | 2021-22 II Nd Half |
| 3 | 7/729<br>റിലൈയൻസ് ടവർ, വാളയാർ | 10 | 3675 | 28445 | 2015 മുതൽ |
| 4 | 10/48<br>ഡിഷ്നെറ്റ് വയർലസ് | 16 | 6720 | 67200 | 2013 മുതൽ |
| 5 | 12/454 | 18 | 8505 | 85050 | 2013 |

| | | | | | |
|---|---|---|---|---|---|
| | എം.എസ്. റിയലൻസ് ടവർ | | | | മുതൽ |
| 6 | 13/775<br>മോബൈൽ സർവ്വീസ്സസ്, ബി.എസ്.എൻ.എൽ | 5 | 1575 | 18900 | 2013 മുതൽ |
| 7 | 20/967<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ് ട്രക്ചർ ലിമിറ്റഡ്,കൊളയക്കോട് | 22 | 10395 | 10395 | 2022 മുതൽ |
| 8 | 21/483<br>റിലയൻസ് | 20 | 11550 | 11550 | 2022 മുതൽ |
| 9 | 23/556<br>സബ് ഡിവിഷണൽ എഞ്ചിനിയർ<br>മൊബൈൽ സർവ്വീസ്സസ്, ബി.എസ്.എൻ.എൽ | 5 | 1575 | 6300 | 2021 മുതൽ |
| ആകെ | | | | 2,67,541 | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം:18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്- രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ: 9/20.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-1 ഡിമാന്റ് വിവരങ്ങൾ കൃത്യമല്ല

പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസിനുമായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് രജിസ്റ്ററുണ്ടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. രജിസ്റ്ററിലുള്ള വിവരങ്ങൾ പൂർണ്ണവുമല്ല. അതുകൊണ്ട് തന്നെ ലൈസൻസ് ഫീസിന്റെ കൃത്യമായ ഡിമാന്റ് കണക്കാക്കിയിട്ടില്ല.നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-12-2 ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ

ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സ്ഥാപനങ്ങളെ ഉൽപാദനം, സേവനം എന്നീ മേഖലകളായും മൈക്രോ,മിനി,സ്മാൾ, മീഡിയം, ലാർജ്ജ് എന്നീ വിഭാഗങ്ങളായും തിരിക്കേണ്ടതുണ്ട്.

| ഇനം | വാർഷിക ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടിരൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽകവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽകവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും | 15000/- |

ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ എപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 20.12.2022ലെ ഓഡിറ്റ് അന്വേഷണം:9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ചട്ടങ്ങൾ നടപ്പിലാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ തുടരുന്നു. ലൈസൻസിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ മേഖല, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ പട്ടിക പ്രകാരം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-12-3 ലൈസൻസ് ഫീസ് ഈടാക്കുന്നത് ക്രമപ്രകാരമല്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് ക്രമപ്രകാരമല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

1) അധിക ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

ഉൽപാദന മേഖലയിൽ വരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷയിലോ അനുബന്ധ രേഖകളിലോ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് ആനുപാതികമല്ലാതെ അധിക ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ (PCB സാക്ഷ്യ പത്രം) പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് | കൂടുതൽ |
|---|---|---|---|---|---|---|
| 1 | A4/28/DO/ LIC/2021 | സെയ്ന്റ് ഗൊബെയ്ൻ ഇൻഡ്യ(പ്രൈ) ലിമിറ്റഡ് | 17.47 കോടി | 15000 | 2,36,690 | 2,21,690 |
| 2 | A4/40/DO/ LIC/2021 | പാറ്റ്സ് പിൻ ഇൻഡ്യ ലിമിറ്റഡ്. കോട്ടൺയാൺ മാനുഫാക്ച റിംഗ് | 164.05 കോടി | 15000 | 1,18,260 | 1,03,260 |

ക്രമ നമ്പർ 2 അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി 9126.56 HP എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 17, ചട്ടം 18 എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് ഈ നിയമങ്ങളുമായി ചേർത്തിട്ടുള്ള പട്ടിക-II ൽ നൽകിയിട്ടുണ്ട്. അത് പ്രകാരം 100 കുതിരശക്തിയിൽ കവിയുന്നതും 200 കുതിരശക്തി വരെയുള്ളതുമായ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രമുപയോഗിക്കുന്നതിന് 2000/-രൂപയും അതിനുമുകളിലുള്ള ഓരോ കുതിരശക്തിക്കും 10/- രൂപ വീതവും അധികം ഈടാക്കേണ്ടതാണ്.

അപ്രകാരം ഈടാക്കേണ്ട ഫീസ്

200 കുതിരശക്തി വരെ-2000/-

അടുത്ത 8926.56 കുതിരശക്തി വരെ-89266/-

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ്-15000/-

ആകെ ഫീസ്-106266/-

ക്രമ നമ്പർ 1 അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് എപ്രകാരമാണെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ 20.12.2022 ഓഡിറ്റ് അന്വേഷണം നമ്പർ 9ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)ഒരേമൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ഫീസ് ഈടാക്കിയിരിക്കുന്നു.

സേവനമേഖലയിൽ ഉൾപ്പെട്ട മിനി എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട ഒരേമൂലധന നിക്ഷേപമുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | A4/324 /DO/LIC/2021 | Ibrahim, Pan US Exim Factory Depot | 50,000/- | 500 | 2000 |
| 2 | ലൈസൻസ് അനുവദിച്ചിട്ടില്ല. (Old Licence No- A4/DO/LIC/2019 | ഉദയം ഓട്ടോ ഗ്യാരേജ്. | 50,000/- | 500 | 200 |

1-12-4 ലൈസൻസിന് അപേക്ഷ സമർപ്പിച്ച് ഫീസ് അടച്ച അപേക്ഷകർക്ക് ലൈസൻസ് നൽകിയിട്ടില്ല.

ലൈസൻസിന് അപേക്ഷ സമർപ്പിച്ച് ഫീസ് അടച്ച താഴെ പറയുന്ന അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ച് നൽകിയതായി കാണുന്നില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കാവുന്ന പരമാവധി ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|---|
| 1 | അബ്ദുൾ സമദ് | A4/3241/21 Dtd 18.03.2021 | സമദ് സ്റ്റോർ, കഞ്ചിക്കോട് | 2,00,000/- | 500 | 200 |
| 2 | ശിവദാസ്.എൻ | A4/3337/21 Dtd 20.03.2021 | ഉദയം ഓട്ടോ ഗ്യാരേജ്, കഞ്ചിക്കോട് | 50,000/- | 500 | 200 |

ലൈസൻസ് അനുവദിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 20.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം :9ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 രസീതി പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് എന്നിവയിലെ പ്രധാന വ്യവസ്ഥകൾ പാലിക്കാതെയാണ് രസീതികൾ കൈകാര്യം ചെയ്യുന്നത്. രസീതി പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-13-1 ദൈനംദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കിയിട്ടുള്ളതിൽ കാലതാമസം

ശാന്തിമോക്ഷം വാതക ശ്മശാനത്തിൽ നിന്നുള്ള ദൈനംദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കിയിട്ടുള്ളതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. മാത്രവുമല്ല വരവ് തുക മുഴുവനായും ബാങ്കിൽ അടവാക്കാതെ ക്യാരിഓവർ ചെയ്യുകയും ക്യാഷ് ഇൻ ഹാൻഡ് ആയി സൂക്ഷിക്കുകയും ചെയ്യുന്നു . ക്രിമറ്റോറിയം ഫീ കളക്ഷൻ രജിസ്റ്റർ, തനത്ഫണ്ടിന്റെ കനറ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക്(A/C No:1167101020082) എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവിന്റെ കാലയളവ് | വരവ് | മുന്നിരിപ്പ് | ആകെ ക്യാഷ് ബാലൻസ് | ബാങ്കിൽ അടവാക്കിയ തുക | ബാങ്കിൽ അടവാക്കിയ തീയതി | വ്യത്യാസം (നീക്കിയിരിപ്പ്) |
|---|---|---|---|---|---|---|---|
| 1 | 06.05.2022 -16.05.2022 | 35200 | 0 | 35200 | 30600 | 17.05.2022 | 4600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 17.05.2022 – 22.05.2022 | 39000 | 4600 | 43600 | 43600 | 23.05.2022 | 0 |
| 3 | 04.07.2022 -10.07.2022 | 41800 | 0 | 41800 | 33900 | 11.07.2022 | 7900 |
| 4 | 11.07.2022- 17.07.2022 | 69600 | 7900 | 77500 | 44100 | 18.07.2022 | 33400 |
| 5 | 18.07.2022 | 13500 | 33400 | 45900 | 27800 | 19.07.2022 | 18100 |

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ക്യാഷ്, മണിഓർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500രൂപയിൽ അധികമാകുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തിദിവസമോ ബന്ധപ്പെട്ട ബാങ്ക് /ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിദൂര പ്രദേശങ്ങളിലായി സർക്കാർ നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ച ആയിരിക്കുന്നതാണ്. തുക അടവാക്കുന്നതിലുള്ള കാലതാമസം, ഭാഗികമായി അടവാക്കൽ എന്നിവ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിവെക്കാനിടയുള്ളതിനാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

21.12.2022ലെ ഓഡിറ്റ് അന്വേഷണം നമ്പർ 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13-2 രസീതി പ്രകാരമുള്ള തുക ബാങ്കിൽ അടവാക്കിയിട്ടില്ല.

വെറ്ററിനറി സർജന് അനുവദിച്ചിട്ടുള്ള 17051 നമ്പർ രസീതി ബുക്കിൽ 01.11.2022 തീയതിയിലെ 46 നമ്പർ രസീതിയിൽ 1060/-രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ഡെയ്‌ലി കളക്ഷൻ രജിസ്റ്ററിൽ 530/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ 530/-രൂപ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 4 ന് ലഭ്യമാക്കിയ മറുപടിയിൽ രസീതി നൽകിയതിനുശേഷം കളക്ഷൻ രജിസ്റ്ററിൽ എഴുതിയപ്പോൾ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുള്ളത് ജനറൽ കാറ്റഗറിയിലല്ല, എസ്.സി കാറ്റഗറിയിലാണ് എന്ന് തെറ്റായി മനസ്സിലാക്കിയത് കൊണ്ടാണ് മേൽ പറഞ്ഞ അപാകം സംഭവിച്ചതെന്ന് അറിയിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. ജീവനക്കാർ പ്രതിരോധകുത്തിവെപ്പിനായി ഫീൽഡിലായതിനാൽ എഴുതുവാൻ ആളുകൾ കുറവായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചുപോയതെന്നും ആയത് ഇനി ആവർത്തിക്കില്ല എന്നും മറുപടിയിൽ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ഗുണഭോക്താവിൽ നിന്നും 530/- രൂപയാണ് ഈടാക്കിയിട്ടുള്ളത് എന്ന് തെളിയിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. 01.11.2022 തീയതിയിലെ കളക്ഷൻ തുകയായ 78,970രൂപ അന്നേ ദിവസം തന്നെ 1220203533 നമ്പർ രസീതി പ്രകാരം പഞ്ചായത്തിൽ അടവാക്കിയതിൽ 46 നമ്പർ രസീതിയിൽ രേഖപ്പെടുത്തിയ 1060/-രൂപയ്ക്ക് പകരം 530/-രൂപയാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും അടവാക്കിയിട്ടുള്ളതും. ആയതിനാൽ കുറവ് വന്ന 530/-രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതും രസീതി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-14-1 വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസുമൂലം തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥരായവരോട് അവരുടെ നിയന്ത്രണത്തിൽ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും ആവശ്യപ്പെടേണ്ടതും ലഭിക്കുന്ന വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്. വകുപ്പ് 205 ഐ പ്രകാരം ഈ രജിസ്റ്ററിലുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. 22.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം: 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-2 തൊഴിൽ നികുതി റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലെ വരവ് (Profession Tax –Employees കോഡ്-110200102) 1,53,32,803/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി 60,91,300/-രൂപയും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി 63,39,448/-രൂപയും ചേർത്ത് ആകെ തൊഴിൽ നികുതി 1,24,30,748 രൂപയാണ്. 29,02,055/-രൂപയുടെ റിട്ടേണുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 22.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നവരിൽ നിന്ന് റിട്ടേൺ വാങ്ങിക്കേണ്ടതാണ്.

## 1-14-3 തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

Saint Gobain India Private Limited, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ 1500 ജോലിക്കാർ ജോലി ചെയ്യുന്നതായി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിട്ടുള്ള റിട്ടേണുകൾ പരിശോധിച്ചതിൽ 757 തൊഴിലാളികളിൽ നിന്നായി 7,86,030/-രൂപയാണ് ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. 743 ജോലിക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 22.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 6ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള തൊഴിലാളികളുടെയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2020, 2021 വർഷങ്ങളിലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 10/20.12.2022 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും 21.12.2022 ന് സെക്രട്ടറി മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2022 ഏപ്രിൽ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 633 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നില നിൽക്കുന്നതായി കണ്ടെത്തി. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്റ്റീവ് ആയി തുടരുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം |
|---|---|---|---|
| 1 | അമ്മു | 108910100493 | ജൂലൈ 2019,<br>മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 2 | രത്നം | 108910201120 | ജൂലൈ 2019<br>മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 3 | ആരോഗ്യമ്മ | 108910200144 | ഫെബ്രുവരി 2021<br>നിലവിൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തു. |
| 4 | പഴനിസ്വാമി | 108910201400 | നവംബർ 2018<br>ഡിസംബർ 2018 മുതൽ ജൂലൈ 19 വരെ Account Closed Or Transferred എന്നു കാണിച്ചിട്ടുണ്ട്. ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെയും തുക തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് കാണിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| 5 | പ്രഭാകരൻ.ടി.പി | 108910201606 | ജൂലൈ 2019 മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 6 | ചെല്ല. വി | 108910201669 | ഒക്ടോബർ 2021 നവംബർ 2021 മുതൽ Account Closed Or Transferred |
| 7 | ഭാഗ്യം | 108910201492 | ജൂലൈ 2019 മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 8 | എ.കന്തസ്വാമി | 108910202956 | ജനവരി 2022 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് Account Closed Or Transferred |
| 9 | കുരുസുമ്മ | 108910202390 | നവംബർ 2020 , ഡിസംബർ 20 മുതൽ Account Closed Or Transferred |
| 10 | കൃഷ്ണൻ . സി | 108910201763 | ഡിസംബർ 20 ജനവരി 21 മുതൽ Account Closed Or Transferred |

ഓഡിറ്റ് അന്വേഷണത്തിൽ നിർദ്ദേശിച്ചതനുസരിച്ച് നടത്തിയ അന്വേഷണത്തിൽ അത്തരം ഗുണഭോക്താക്കളെല്ലാം മരണപ്പെട്ടതാണെന്ന ബോധ്യപ്പെട്ടതായും ഇവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു.

നിലവിലെ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് വഴിയും ഡയറക്റ്റ് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും അനർഹരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതും അനർഹർ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

2. പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു. തുക കൈമാറ്റം നടക്കുന്നതിനാൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ പേര് ഉൾപ്പെടുന്നില്ല.

2020, 2021 വർഷങ്ങളിലെ രണ്ടു വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | നിലവിലെ പെൻഷൻ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | മരണപ്പെട്ട തിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹ മായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | ബാലകൃഷ്ണൻ നായർ | Suspended | 07.01.21 | ഫെബ്രുവരി 2021 മുതൽ ആഗസ്റ്റ് 2021 വരെ | 11,000 (1500*2+ 1600*5) |
| 2. | സുബ്രഹ്മണ്യൻ. എം | Active | 08.04.21 | മെയ് 2021 മുതൽ സെപ്റ്റംബർ 2022 വരെ | 27,200 (1600*17) |
| 3. | ചെല്ല. എം | Active | 28.12.21 | ജനുവരി 2022 മുതൽ സെപ്റ്റംബർ 2022 വരെ | 5400 (9*600) |
| 4 | പാർത്ഥൻ . സി.ടി | Active | 14.01.22 | ഫെബ്രുവരി 2022 മുതൽ സെപ്റ്റംബർ 2022 വരെ | 12,800 (1600*8) |
| 5 | പൊന്നൻ. എ | Suspend | 30.01.22 | ഫെബ്രുവരി 2022 മുതൽ ജൂൺ 2022 വരെ | 8000 (5*1600) |
| | | | | ആകെ | 64400 |

എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി അനർഹർ പെൻഷൻ ഡാറ്റാബേസിൽ തുടരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

3. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ

രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ വിവരം യഥാസമയം അതത് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നില്ല. ഉദാഹരണത്തിന് ശ്രീമതി കെ.എ.തൈലാംബാൾ, പെരിങ്കുളം ആലത്തൂർ എന്ന ഗുണഭോക്താവ് 22.02.2021 ൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ വച്ച് മരണപ്പെട്ടിട്ടുള്ളതാണ്. ആലത്തൂർ ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായ ഇവരുടെ മരണം യഥാസമയം ആലത്തൂർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിൽ സൂചിപ്പിച്ചതിനെ തുടർന്ന് നടപടികൾ സ്വീകരിക്കുന്നതായി സെക്രട്ടറി അറിയിച്ചു.

ഇത്തരത്തിലുള്ള എല്ലാ കേസുകളും കണ്ടെത്തി അതത് പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത്/നഗരസഭകളിലെ ജനന മരണവിവരങ്ങളുടെ രജിസ്ട്രേഷൻ സോഫ്റ്റ്വെയറും സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സേവന സോഫ്റ്റ്വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലി പരിഷ്കരിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്.

3. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

അനർഹരായ ഗുണഭോക്താക്കൾ പെൻഷൻ ഡാറ്റാബേസിൽ ആക്ടീവ് ആയി തുടരുമ്പോൾ ഓരോ മാസവും അത്രയും പേർക്കുള്ള പെൻഷൻ തുക മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന പൊതുഫണ്ടിൽ നിന്നും മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതക്ക് അനിവാര്യമാണ്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി.ക്ക് കൈമാറിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ (₹) | മുൻകൂർ നൽകിയ തുക (₹) | വൗച്ചർ നം./തീയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 322/22, വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 500000 (തനത് ഫണ്ട്) | 92553 | 22101377/11.2.22 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, കഞ്ചിക്കോട് |
| 198/22, | 328181 | 328181 | 22100652/27.8.21-98156 | അസി. |

| | | | | |
|---|---|---|---|---|
| വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | (തനത് ഫണ്ട്) | | 22101336/5.2.22- 23242<br>22101154/8.12.21- 8763 | എഞ്ചിനീയർ, കെ.എസ്.ഇ.ബി, കഞ്ചിക്കോട് |
| | | | 22100792/28.9.21-87202<br>22101155/15.12.21- 66674<br>22100967/30.10.21-19212<br>22101705/21.3.22-24932 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, വാളയാർ |

നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി.യിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-17 ഇൻഡസ്ട്രിയൽ ഏരിയക്ക് സമീപം സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്റ്റ് നമ്പരും, പേരും- 241/22, ഇൻഡസ്ട്രിയൽ ഏരിയക്ക് സമീപം സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ

അടങ്കൽ-1000000 (915000- ധനകാര്യ കമ്മീഷൻ അവാർഡ്+ 85000-തനത് ഫണ്ട്)

ചെലവ്- 925899 (₹868705-Vr.No.22102072/31.3.22-Contractor, ₹10899-22101858/31.3.22-Contractor, ₹46295-KCWWF, IT, GST )

പുതുശ്ശേരി ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായ റോഡരികിലെ മാലിന്യ നിക്ഷേപങ്ങൾ ഒരു പരിധി വരെ കുറക്കുന്നതിനും പഞ്ചായത്തിനെ മാലിന്യ വിമുക്ത പഞ്ചായത്താക്കി മാറ്റുന്നതിനും പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യം വെച്ചത്.

മേൽ പദ്ധതികൾ നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, SILK (സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്), എംപവർ ടെക്നോളജീസ്, തൃശ്ശൂർ എന്നിവർ തമ്മിലുള്ള ത്രികക്ഷി കരാർ (തിയതി രേഖപ്പെടുത്തിയിട്ടില്ല-മുദ്രപത്രം വാങ്ങിയ തീയതി.11.2.22) പ്രകാരം സെന്റേജ് ചാർജ് ഒഴികെയുള്ള തുക (Invoice No.21/17.3.22-Rs.925899/-) രൂപ കൈമാറേണ്ടത് കോൺട്രാക്ടറായ എംപവർ ടെക്നോളജീസിനാണ്. എന്നാൽ തുക കൈമാറിയത് PMC ആയ SILK നാണ്. ആയത് കരാർ വ്യവസ്ഥയും, GO(P)No.67/2021/Fin, Dated.28.4.2021 നും വിരുദ്ധമാണ്. PMC ആയ SILK ഇൻവോയിസ് (No.21/17.3.222) പ്രകാരമുള്ള തുക കരാറുകാരന് നൽകിയതിന് രേഖകൾ ഹാജരാക്കിയില്ല.

2. സ്ഥാപിച്ച നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനക്ഷമതയും ഇതിന്റെ സഹായത്തോടുകൂടിയുള്ള മോണിറ്ററിംഗും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണെന്നും, സി സി ടി വിയുടെ വില, ഗുണനിലവാരം എന്നിവ സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണെന്നും സർക്കുലർ നം. ഡിഎ1/317/2021- തസ്വഭവ, തീയതി.30/11/2021 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. സി.സി.ടി.വി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തണമെന്നും. സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ, സമീപമുള്ള കടകൾ മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയ തോതിലെങ്കിലുമുള്ള പങ്കാളിത്തം ഉറപ്പ് വരുത്തണമെന്നും മേൽ പറഞ്ഞ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.08/19-12-2022) നൽകിയതിന് മറുപടിയായി ബിൽ തുക മുഴുവനും സിൽക്കിന് നൽകിയത് ഉത്തരവ് മനസ്സിലാക്കിയതിലെ

ആശയക്കുഴപ്പമാണെന്നും, മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനു വേണ്ടിയാണ് സി.സി.ടി.വി സ്ഥാപിച്ചത് എന്ന മറുപടിയുമാണ് ലഭ്യമാക്കിയത്.

നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനക്ഷമതയും ഇതിന്റെ സഹായത്തോടുകൂടിയുള്ള മോണിറ്ററിംഗും പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതും സർക്കുലർ നം.ഡിഎ1/317/2021- തസ്വഭവ, തീയതി.30/11/2021 പ്രകാരമുള്ള സർക്കാർ നിർദ്ദേശം മുഴുവനും പാലിക്കേണ്ടതുമാണ്.

## 1-18 RO വാട്ടർ ഫിൽട്ടർ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

2021-22 വർഷത്തിൽ RO വാട്ടർ ഫിൽട്ടർ വാങ്ങുന്നതിനായി മൂന്ന് പ്രൊജക്ടുകൾ ആവിഷ്കരിച്ച് പ്രത്യേകം ടെണ്ടർ നടത്തി മൂന്ന് RO വാട്ടർ ഫിൽട്ടർ വാങ്ങിയതിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം ഉണ്ടായതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പേര് | അടങ്കൽ തുക | സ്പെസിഫിക്കേഷൻ | ചെലവ് | വൗച്ചർ നം.& തീയതി |
|---|---|---|---|---|---|
| 291/22 | ബഡ്സ് സ്കൂളിൽ RO വാട്ടർ പ്ലാന്റ് സ്ഥാപിക്കൽ | 200000 (ധനകാര്യ കമ്മീഷൻ അവാർഡ്) | ടെണ്ടർ പരസ്യത്തിൽ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഓരോ സ്ഥാപനത്തിനും അനുയോജ്യമായ വിധത്തിലുള്ള സ്പെസിഫിക്കേഷൻ ഉള്ളടക്കം ചെയ്യേണ്ടതാണ് എന്നാണ് ടെണ്ടർ പരസ്യത്തിൽ പറഞ്ഞിരിക്കുന്നത്.) | 142500 | 22102070 /31.3.22- 139650, IT-2850 |
| 293/22 | കല്ല്യാണ മണ്ഡപത്തിൽ സ്കൂളിൽ RO വാട്ടർ പ്ലാന്റ് സ്ഥാപിക്കൽ | 400000 (ധനകാര്യ കമ്മീഷൻ അവാർഡ്) | | 342607 | 22102069 /31.3.22- 328903, GST-6852, IT-6852 |
| 294/22 | പഞ്ചായത്തിൽ സ്കൂളിൽ RO വാട്ടർ പ്ലാന്റ് സ്ഥാപിക്കൽ | 200000 (ധനകാര്യ കമ്മീഷൻ അവാർഡ്) | | 142500 | 22102071 /31.3.22- 139650, IT-2850 |

വാങ്ങലുകൾ നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിരിക്കുന്നു.

1) ഒരു സാമ്പത്തികവർഷത്തിൽ വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച്

സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്ന നടപടികളുടെ വിവിധ നിബന്ധനകളിൽ ഒരേ സ്വഭാവമുള്ള സാധനങ്ങൾ ഒരുമിച്ച് വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ മൂന്ന് സമാന്തര ടെണ്ടറുകൾ നടത്തിയാണ് വാങ്ങലുകൾ നടത്തിയത്.

2)2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. എന്നാൽ അത്തരം സാധ്യതകൾ ഒന്നും തന്നെ ഈ വാങ്ങലുകളിൽ ഉപയോഗപ്പെടുത്തിയിട്ടില്ല.

3) ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ചചെയ്യാതെ നേരിട്ട് ഭരണസമിതി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടി സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ ലംഘനമാണ്.

4) സെക്രട്ടറി നിർവഹണം നടത്തുന്ന ഒരേ സ്വഭാവമുള്ള പർച്ചേസിന് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിച്ചതും, വ്യത്യസ്ത ടെണ്ടറുകൾ വിളിച്ചതും ഇ-ടെണ്ടർ ഒഴിവാക്കുന്നതിന് വേണ്ടിയാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ഈ പർച്ചേസുകൾ GeM വഴി ലഭിക്കുന്നതിനും ശ്രമം നടത്തിയിട്ടില്ല. GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയതു മുഖേന മാത്രമെ പർച്ചേസ് നടത്താൻ സാധിക്കുകയുള്ളൂ.

മേൽ പറഞ്ഞവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.12.2022) കൃത്യമായ മറുപടി ലഭ്യമാക്കിയില്ല. ബഡ്സ് സ്കൂൾ, പഞ്ചായത്ത് ഓഫീസ്, കൺവെൻഷൻ സെന്റർ എന്നിവയിൽ പ്ലാന്റ്/ഫിൽറ്റർ സ്ഥാപിച്ചതുകൊണ്ട് കുടിവെള്ള ബിൽ ഒഴിവാക്കാൻ കഴിഞ്ഞു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരവും ഭരണസമിതി തീരുമാന പ്രകാരവുമാണ് മേൽ പറഞ്ഞ വാങ്ങലുകൾ നടത്തിയത് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പ്രക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ രജിസ്റ്ററിന്റെ പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ നിലവിലുള്ള എല്ലാ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

1-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

പ്രൊജക്ട് നമ്പർ - S0114/22

അടങ്കൽ - 4,00,000/-(മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് തുക– 4,00,000/-

ചെലവ് വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 02/2021-22 | 17.12.2021 | 2,50,000/- |
| 2 | 03/2021-22 | 04.01.2022 | 1,50,000/- |
| ആകെ | | | 4,00,000/- |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രൊജക്റ്റിൽ മേൽ ബിൽ നമ്പറുകൾ പ്രകാരം 4,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതാണ്.

ലഭ്യമായ മരുന്നുകൾ

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | LF-364 | 26.05.2021 | 34,565/- |
| 2 | LF-262 | 19.05.2021 | 3,926/- |
| 3 | LF-1078 | 21.11.2022 | 2,11,509/- |
| ആകെ | | | 2,50,000 |

മേൽ ഇൻവോയ്സുകൾ പ്രകാരം 2,50,000/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 1,50,000/-രൂപയുടെ മരുന്ന് ഹോമിയോ ഡിസ്പെൻസറിക്ക് ലഭ്യമായിട്ടില്ല. തുക കൈമാറി 11 മാസത്തിന് ശേഷവും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 3 ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി പറയുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകയിരുത്തിയ മുഴുവൻ ഫണ്ടും നൽകാൻ കഴിഞ്ഞിട്ടില്ല

പ്രോജക്ട് നം 23/22

(ക്ഷീര സംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി - പൊതുവിഭാഗം )
നിർവ്വഹണോദ്യോഗസ്ഥൻ- ക്ഷീരവികസനഓഫീസർ

അടങ്കൽ -14,60,000 (900000-വികസനഫണ്ട്-ജനറൽ , 280000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 280000- ജില്ലാ പഞ്ചായത്ത് വിഹിതം )

ചെലവ് - 560000

(279909-3/27.03.22,279909-4/27.03.22, 91-5/31.03.22, 91-6/31.03.22)

ഗ്രാമപഞ്ചായത്തിന്റെ 12.10.21 ലെ 1(12) തീരുമാനം പ്രകാരം ജനറൽ വിഭാഗത്തിൽ പാലിന് ഇൻസന്റീവ് പദ്ധതിക്കായി 1168 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്രോജക്ടിന് 13.12.21 ൽ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.
കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ വച്ച് 1 വർഷം സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ ക്ഷീരകർഷകർക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമേ ഇൻസന്റീവ് നൽകിയിട്ടുള്ളൂ. പദ്ധതിക്കായി 1460000 രൂപ അടങ്കൽ വച്ചെങ്കിലും 560000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വികസനഫണ്ടിൽ നിന്നും വകയിരുത്തിയ 900000 രൂപയും ചെലവഴിക്കുന്നതിന്

കഴിഞ്ഞിട്ടില്ല.

ക്ഷീരകർഷകർക്ക് പരമാവധി ഇൻസന്റീവ് നൽകാൻ കഴിയാത്തതിന് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 21.03.22 ന് ഫണ്ട് ആവശ്യപ്പെട്ടു റിക്വിസിഷൻ അയച്ചിരുന്നെങ്കിലും ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ ആവശ്യമായ തുക ഇല്ലാത്തതിനാൽ ഫണ്ട് ലഭ്യമായില്ല എന്നും നിലവിൽ പദ്ധതി സ്പിൽ ഓവർ ആയി നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചു.

മൃഗസംരക്ഷണ മേഖലക്ക് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടും കർഷർക്ക് യഥാസമയം ധനസഹായം നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതികൾ സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനും ലഭ്യമായ ഫണ്ട് നഷ്ടമാകാനിടയാകാതെ ക്ഷീരകർഷകർക്ക് പരമാവധി തുക നൽകുന്നതിനും ശ്രമിക്കേണ്ടതാണ്.

2. മൃഗസംരക്ഷണമേഖലയുടെ സമഗ്രവികസനം സാധ്യമാക്കുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

1-21 അങ്കണവാടി ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റൽ പ്രവർത്തനം -ARTCO യുടെ ബില്ലിൽ നിന്നും ടി.ഡി.എസ് ചെയ്തില്ല

പ്രോജക്ട് നം - 6/22

(അങ്കണവാടി ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റൽ )

നിർവ്വഹണോദ്യോഗസ്ഥൻ- ഐ. സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 700000 ( മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ് - 700000 (ബിൽ നം 40/22.03.22)

ARTCO Ltd മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 10 അങ്കണവാടികൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. അളവുകൾ മുൻകൂട്ടി നിർണ്ണയിച്ച് നൽകേണ്ട Theme Based Art And Wall Painting പോലെയുള്ള പ്രവർത്തികൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഇപ്രകാരം അളവുകൾ നിർണ്ണയിച്ചു നൽകാതെ പൂർണ്ണമായും ARTCO നടപ്പിലാക്കുന്ന ഫർണീഷിംഗ് പ്രവർത്തി പോലെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓരോ അങ്കണവാടിയിലും പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽവിവരങ്ങൾ ഓഡിറ്റ് അന്വേഷണം നം.14/21.12.22 പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രവർത്തികൾ കൃത്യമായി നടപ്പിലാക്കിയിട്ടുള്ളതായി അറിയിച്ചു. ഓരോ അങ്കണവാടികളും പണി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങളും ചിത്രങ്ങളും നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കി.

ബില്ലിൽ നിന്നും ടി.ഡി. എസ് കുറവ് ചെയ്തിട്ടില്ല

ബിൽ നം. 348/08.03.2022 പ്രകാരം ഈ പ്രവർത്തിക്ക് ജി.എസ്.ടി ഉൾപ്പെടെ 700000/- രൂപയാണ് ARTCO ക്ക് നൽകിയത്. ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് ARTCOയ്ക്ക് തുക നൽകിയിട്ടുള്ളത്. (GSTIN:32AAAAA2064 P1ZW)

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ നിയമപരമായ ബാധ്യതയാണ്. സ്ഥാപനം കൃത്യമായ ടാക്സ് ഒടുക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തിന് ഫൈൻ വരുന്നതിനെ സാധ്യതയുണ്ട്. ആയതിനാൽ

ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത മാത്രം ബിൽ തുക നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ARTCO ജി.എസ്.ടി അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-22 ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ- നിജസ്ഥിതി വിലയിരുത്തി നടപടികൾ സ്വീകരിക്കണം

2018-19 സാമ്പത്തിക വർഷത്തിലാണ് ലൈഫ് ഭവനപദ്ധതിയുടെ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നത്. 2022 ൽ എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തതെങ്കിലും നിലവിലും 3 ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ ഭവനപദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി | അവസാനം തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| അബ്ബാസ്, S/o മൊയ്തീൻ, മായംപള്ളം | 4.09.20 | 11.09.2020 | 200000 | 08.03.2022 ലെ ഭരണസമിതി തീരുമാനം പ്രകാരം രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. |
| സെബിയ W/o സലീം, മായപ്പള്ളം | 19.07.2018 | 27.09.2019 | 300000 | 11.08.2022 ന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട് |
| മിനിമോൾ W/o.പ്രസാദ് ഷാ മുക്രോണി, കഞ്ചിക്കോട് | 19.07.2018 | 30.03.2019 | 200000 | 11.08.2022 ന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട് |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം മൂന്ന് ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ട്. നാളിതു വരെ ആരും തുക തിരിച്ചടവാക്കുകയോ നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/20.12.22) വി.ഇ.ഒ രേഖാമൂലം മറുപടി നൽകിയിട്ടില്ല. എന്നാൽ ഇവർക്ക് സ്വയം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല എന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്.

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇത്തരക്കാർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി

തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും സ്പോൺസർഷിപ്പ് മുഖേനയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ്. എന്നാൽ ഈ ഗുണഭോക്താക്കൾ ഏതെങ്കിലും തരത്തിൽ അനർഹരാണ് എന്ന ഗ്രാമപഞ്ചായത്തിന് ബോധ്യപ്പെടുന്നപക്ഷം നൽകിയ തുക 12% പലിശ സഹിതം ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ കുറവായി ഈടാക്കി

2012 ലെ കേരള PWD മാനുലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 170/22, കോവിൽപാളയം ചാലുമ്പള്ളം റോഡ് കോൺക്രീറ്റ്, കൾവെർട്ട് (S.O.384/21)

അടങ്കൽ - ₹ 490000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - ₹474005 {328237 (2020-21), 145768- ബിൽ നം.26/27.11.2021}

PAC- ₹433386 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. ഉന്മേഷ്.പി

എഗ്രിമെന്റ് നം.: 76/20-21/AE/LSGD/PDSY-GP/05-11-2020

അളവു പുസ്തകം നം.- 101/20-21, 164/21-22

പൂർത്തീകരണ കാലാവധി - 05.05.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 25.03.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹13002 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 13002

2) 164/22, പാമ്പാപള്ളം ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണം (S.O.133/21)

അടങ്കൽ - ₹ 1300000 (400000-ധനകാര്യ കമ്മീഷൻ അവാർഡ്, 900000- തനത് ഫണ്ട്)

ചെലവ് - ₹1164191 {400000-ബിൽ നം.50/31.03.2022, 764191- 22101812/31.03.2022}

PAC- ₹ 1160568 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. ദിലീപ്.സി

എഗ്രിമെന്റ് നം.: 68/20-21/AE/LSGD/PDSY-GP/05-10-2020

അളവു പുസ്തകം നം.- 105/20-21

പൂർത്തീകരണ കാലാവധി - 04.04.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 20.03.2022

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 34817 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 34817

3) 152/22, വാളയാർ ഡാം റോഡ് സബ് റോഡ് കോൺക്രീറ്റിംഗ് (S.O.29/21)

അടങ്കൽ - ₹ 570000 (457010-ധനകാര്യ കമ്മീഷൻ അവാർഡ്, 112990- തനത് ഫണ്ട്)

ചെലവ് - ₹446873 {446873-ബിൽ നം.7/19.02.2022}

PAC- ₹ 506947 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. ശിവൻ.വി

എഗ്രിമെന്റ് നം.: 40/20-21/AE/LSGD/PDSY-GP/13-10-2020

അളവു പുസ്തകം നം.- 109/20-21

പൂർത്തീകരണ കാലാവധി - 12.04.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 08.02.2022

ഈടാക്കിയ പിഴ- 4469

ഈടാക്കേണ്ടിയിരുന്നത്- ₹ 15208 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 10739 (15208-4469)

4) 161/22, അംഗൻവാടി റിപ്പയർ വാധ്യാർചള്ള (S.O.117/21)

അടങ്കൽ - ₹ 250000 (247020- മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - ₹247020 {ബിൽ നം.1/18.09.2021}

PAC- ₹ 222857 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. ബാബു.സി

എഗ്രിമെന്റ് നം.: 17/20-21/AE/LSGD/PDSY-GP/10-07-2020

അളവു പുസ്തകം നം.- 96/20, 104/20-21

പൂർത്തീകരണ കാലാവധി - 9.01.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 11.06.2022

ഈടാക്കിയ പിഴ- 0

ഈടാക്കേണ്ടിയിരുന്നത്- ₹ 6686 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 6686

5) 153/22, ചന്ദ്രാപുരം പാൽ സൊസൈറ്റി റോഡ് മെറ്റലിംഗ് ടാറിംഗ് - സ്പിൽ ഓവർ

അടങ്കൽ - ₹ 1060000 (360000- ധനകാര്യ കമ്മീഷൻ അവാർഡ്, 700000-മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ് - ₹ 1038597 {360000-ബിൽ നം.60/30.11.2021, 678597-മെയിന്റനൻസ് ഫണ്ട്- റോഡിതരം}

PAC- ₹ 946205 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. ശിവൻ.വി

എഗ്രിമെന്റ് നം.: 67/20-21/AE/LSGD/PDSY-GP/27-10-2020

അളവു പുസ്തകം നം.- 163/20-21

പൂർത്തീകരണ കാലാവധി - 26.04.2021 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 26.03.2022

ഈടാക്കിയ പിഴ- 10386

ഈടാക്കേണ്ടിയിരുന്നത്- ₹ 28386 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 18000 (28386- 10386)

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ കുറവായി ഈടാക്കിയത്/ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.17/22.12.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 83244 (13002+34817+10739+6686+18000) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-24 ആശ്രയ പദ്ധതി- വികസന ഫണ്ട് കൈമാറിയത് നാളിതുവരെയും ചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ് നം.92/22, ആശ്രയ പദ്ധതി (പട്ടിക വർഗ്ഗ വിഭാഗം)

അടങ്കൽ- ₹500000 (TSP)

ചെലവ്- ₹500000 (ട്രഷറി ബിൽ നം. 12/26.11.2021)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട്(TSP) ₹5,00,000/- ട്രഷറിയിൽ നിന്ന് പിൻവലിച്ച് 'കുടുംബശ്രീ'യുടെ അഗതിരഹിത കേരളം പദ്ധതി ബാങ്ക് അക്കൗണ്ടിൽ (നം. 035701000013077) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക ചെലവഴിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി വികസന ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.12/20.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-25 പഠനമുറി നിർമ്മാണം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. 88/22, പഠനമുറി നിർമ്മാണം- പട്ടികവർഗ്ഗ വിഭാഗം

അടങ്കൽ- 1000000 (TSP)

ചെലവ്- 500000 (36/7.3.22-100000, 42/23.3.22-100000, 39/15.3.22-150000, 47/27.3.22- 150000)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 4 ഗുണഭോക്താക്കൾ പണി തുടങ്ങിയതിൽ 2 ഗുണഭോക്താക്കൾ മാത്രമാണ് പൂർത്തീകരിച്ചത്. പൂർത്തീകരിക്കാൻ ബാക്കിയുള്ള 2 പേരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള |
|---|---|---|---|

| | | | തുക |
|---|---|---|---|
| 1 | രമ്യ.വി D/o വെള്ളയങ്കിരി | 125000 | 75000 |
| 2 | മുത്തുലക്ഷ്മി D/o സരസ്വതി.എം | 125000 | 75000 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രം ധനസഹായം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.12.2022) മറുപടി ലഭ്യമാക്കിയില്ല.

1-26 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - വാങ്ങിയ വാട്ടർ ടാങ്ക് മുഴുവനും വിതരണം ചെയ്തിട്ടില്ല

പ്രോജക്റ്റ് നം. 120/22, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ- ₹300000/- {226000 (SCP)+ 74000-ഗ്ര.വി}

ചെലവ്- ₹295000/- (226000- ബിൽ നം.38/10.3.22, 69000-22101870/31.3.22)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 295000/- രൂപ ചെലവഴിച്ച് 100 വാട്ടർ ടാങ്ക് വാങ്ങിയിട്ടുണ്ട് ഇൻവോയിസ് (നം.08/04.03.2022, ടി.അനുരാജ് എന്റർപ്രൈസസ്, കഞ്ചിക്കോട്). ആയത് വിതരണം ചെയ്ത രജിസ്റ്റർ പരിശോധിച്ചതിൽ 4 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. വിതരണം ചെയ്യാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.12.2022 ) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്യാത്ത 4 വാട്ടർ ടാങ്കുകളുടെ തുക ₹11800/- (2950*4) തടസ്സത്തിൽ വെയ്ക്കുന്നു.

1-27 കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് നം. 84/22, കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ- 300000 (ജനറൽ)

ചെലവ്- 300000 (13/26.11.21)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

26.11.21 ന് സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക റിവോൾവിഗ് ഫണ്ടായി 30 അയൽക്കൂട്ടങ്ങൾക്ക് നൽകിയത് 27.10.22 ന് മാത്രമാണ്. കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.12.2022 ) മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ മാത്രമെ റിവോൾവിംഗ് ഫണ്ട് അനുവദിക്കാവൂ എന്ന് സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 ഖണ്ഡിക 6.4.21) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 30 അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതം വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല (പ്രോജക്റ്റ് പ്രപ്പോസൽ തയ്യാറിക്കിയിട്ടില്ല).

ഭാവിയിൽ റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-28 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ- സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് നം. 202/22, വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ

അടങ്കൽ- ₹531000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- ₹531000/- (Vr No.22101856/31.3.22)

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം തുക (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) ഒറ്റത്തവണയായി ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് (നം.1167101020944, കനറാ ബാങ്ക്)കൈമാറുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ മാർഗ്ഗരേഖ (സ.ഉ.(സാധാ)നം.4/2021/തസ്വഭവ, തീയതി 11.01.2021) പ്രകാരം യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ്വസ്തുക്കൾ വിറ്റു കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ലഭിക്കുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വി.ജി.എഫ് ആയി നൽകേണ്ടത്. എന്നാൽ അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെ അടങ്കലായി വെച്ച മുഴവൻ തുകയും ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി (നം.12/20.12.2022) മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഹരിതകർമ്മസേന യൂസർഫീ വാങ്ങിയത് ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ആയതിനാൽ വി.ജി.എഫ് ആയി അർഹമായ തുകയാണ് നൽകിയതെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ഒറ്റത്തവണയായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ ചെലവ് തുക ₹531000/- തടസ്സത്തിൽ വെയ്ക്കുന്നു.

ഭാവിയിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുമ്പോൾ കർശനമായും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കിൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികരിച്ച വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മെറ്റീരിയൽസ് തുക | ആകെ |
|---|---|---|---|---|
| 1 | ആണ്ടിച്ചള്ള ചന്ദ്രൻ വീട് മുതൽ ഗംഗാധരൻ വീട് വരെ റോഡ് കോൺക്രീറ്റ് | 39/7.12.21 | 127195 | 321270 |
| | | 40/7.12.22 | 194075 | |
| 2 | ചേലോട് റോഡ് കോൺക്രീറ്റ് | 46/25.2.22 | 182672 | 390087 |
| | | 47/25.2.22 | 195415 | |
| | | 50/25.2.22 | 12000 | |
| 3 | കൊല്ലപ്പറമ്പ് വടക്കേത്തറ കനാൽ റോഡ് കോൺക്രീറ്റ് | 30/30.3.22 | 5000 | 197000 |
| | | 57/30.3.22 | 190990 | |
| | | 58/30.3.22 | 192000 | |
| 4 | കുന്താണിപ്പൊറ്റ ജയകുമാർ വീട് മുതൽ ശിവക്ഷേത്രം വരെ റോഡ് കോൺക്രീറ്റ് | 51/25.2.22 | 174120 | 398160 |
| | | 52/25.2.22 | 180000 | |
| | | 53/25.2.22 | 44040 | |
| 5 | ഇളയഭഗവതി അമ്പലത്തിന് പരിസരത്തുനിന്ന് കോവിൽപാളയം പോകുന്ന വഴി വരെ റോഡ് കോൺക്രീറ്റ് | 54/30.3.22 | 148797 | 403344 |
| | | 55/30.3.22 | 180000 | |
| | | 56/30.3.22 | 69547 | |
| | | 59/30.3.22 | 5000 | |
| 6 | ജവഹർ നഗർ സബ്-1 റോഡ് നിർമ്മാണം | 63/30.3.22 | 193563 | 400563 |
| | | 64/30.3.22 | 192000 | |
| | | 65/30.3.22 | 15000 | |
| 7 | കൊളയക്കോട് വെള്ളയിങ്കിരിയുടെ വീട് മുതൽ റോഡ് | 48/25.2.22 | 196168 | 401848 |
| | | 49/25.2.22 | 205680 | |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റ് | | | |
| 8 | കിഴക്കേ വീട് എസ് സി കോളനിയിൽ രവിയുടെ വീട് മുതൽ വേലായുധന്റെ വീട് വരെ റോഡ് നിർമ്മാണം | 61/30.3.22 | 186017 | 367097 |
| | | 62/30.3.22 | 181080 | |
| | | | ആകെ | 2879369 |

(ക്രമ നം.1 പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്തത് ശശികുമാർ.എൻ എന്ന കരാറുകാരനാണ്. ബാക്കിയുള്ള 2 മുതൽ 8 വരെയുള്ള പ്രോജക്ടുകൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തത് രാജമാണിക്കം എന്ന കരാറുകാരനാണ്.)

മേൽ പ്രവൃത്തികൾക്ക് ബില്ലിൽ നിന്നും GST സോഴ്സിൽ തന്നെ 2% കുറവ് ചെയ്യാത തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, കൂടാതെ സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(16/22.12.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ജി.എസ്.ടി അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-30 വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കലും അനുബന്ധ പ്രവൃത്തികളും- തുക ചെലഴിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചില്ല.

316/22, പുതുശ്ശേരി പഞ്ചായത്തിലെ വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കലും അനുബന്ധ പ്രവൃത്തികളും

അടങ്കൽ- 4000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 4000000 (വൗച്ചർ നം.32100261/16.3.22)

പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കലിനും അനുബന്ധ പ്രവർത്തികൾക്കുമായി മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലില്ലാത്തതും, കൈമാറിക്കിട്ടാത്തതുമായ സ്ഥാപനത്തിന് തുക കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/22.12.2022) മറുപടി ലഭ്യമാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-മൂന്നാം പട്ടിക പ്രകാരം അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത മേൽ പറഞ്ഞ പദ്ധതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.03.2022 ലെ തീരുമാനം 2(3) പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്. വാട്ടർ അതോറിറ്റി ചെയ്യേണ്ട പ്രവൃത്തിക്ക് ഗ്രാമ പഞ്ചായത്ത് തുക നൽകിയത് നടപടിക്രമങ്ങൾ പാലിക്കാതെയാണ്. കൂടാതെ വെള്ളം പമ്പ് ചെയ്യുന്നതും തുക പിരിച്ചെടുക്കുന്നതും വാട്ടർ അതോറിറ്റി തന്നെയാണ്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുക 40,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 രസീതി പ്രകാരമുള്ള തുക ബാങ്കിൽ അടവാക്കിയിട്ടില്ല.

വെറ്ററിനറി സർജന് അനുവദിച്ചിട്ടുള്ള 17051 നമ്പർ രസീതി ബുക്കിൽ 01.11.2022 തീയതിയിലെ 46 നമ്പർ രസീതിയിൽ 1060/-രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട ഡെയ്‌ലി കളക്ഷൻ രജിസ്റ്ററിൽ 530/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ 530/-രൂപ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13.12.2022 തീയതിയിലെ ഓഡിറ്റ് അന്വേഷണം നമ്പർ 4 ന് ലഭ്യമാക്കിയ മറുപടിയിൽ രസീതി നൽകിയതിനുശേഷം കളക്ഷൻ രജിസ്റ്ററിൽ എഴുതിയപ്പോൾ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുള്ളത് ജനറൽ കാറ്റഗറിയിലല്ല, എസ്.സി കാറ്റഗറിയിലാണ് എന്ന് തെറ്റായി മനസ്സിലാക്കിയത് കൊണ്ടാണ് മേൽ പറഞ്ഞ അപാകം സംഭവിച്ചതെന്ന് അറിയിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. ജീവനക്കാർ പ്രതിരോധകുത്തിവെപ്പിനായി ഫീൽഡിലായതിനാൽ എഴുതുവാൻ ആളുകൾ കുറവായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചുപോയതെന്നും ആയത് ഇനി ആവർത്തിക്കില്ല എന്നും മറുപടിയിൽ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ഗുണഭോക്താവിൽ നിന്നും 530/- രൂപയാണ് ഈടാക്കിയിട്ടുള്ളത് എന്ന് തെളിയിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. 01.11.2022 തീയതിയിലെ കളക്ഷൻ തുകയായ 78,970രൂപ അന്നേ ദിവസം തന്നെ 1220203533 നമ്പർ രസീതി പ്രകാരം പഞ്ചായത്തിൽ അടവാക്കിയതിൽ 46 നമ്പർ രസീതിയിൽ രേഖപ്പെടുത്തിയ 1060/-രൂപയ്ക്ക് പകരം 530/-രൂപയാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും അടവാക്കിയിട്ടുള്ളതും. ആയതിനാൽ കുറവ് വന്ന 530/-രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതും രസീതി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2021-22 | 12-12—2022 മുതൽ 20-12-2022 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി |

| | | |
|---|---|---|
| | | ചേർത്തിട്ടുണ്ട്. |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 61199 | ലൈഫ് മിഷൻ (ജനറൽ) | 0 | 61199 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1118560 | ലൈഫ് മിഷൻ (എസ്.സി) | 0 | 1118560 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1148535 | ലൈഫ് മിഷൻ (എസ്.ടി) | 0 | 1148535 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1489900 | മാലിന്യ സംസ്കരണം/ശ്മശാനം | 0 | 1489900 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | കുടുംബശ്രീ ഹോളോബ്രിക്സ് യൂണിറ്റ് | 0 | 250000 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1 | പാലിയേറ്റീവ് കെയർ | 0 | 1 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10000 | അംഗൻവാടി കുടിവെള്ള പദ്ധതി | 0 | 10000 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5145 | പ്രൊഡക്ഷൻ ബോണസ് | 0 | 5145 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 112000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 112000 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | പാലിയേറ്റീവ് കെയർ | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2259950 | 17/22-ഉഴവുകൂലി (ജനറൽ) | 2259950 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 17500 | 22/22-ഉഴവുകൂലി (എസ്‌സി) | 17500 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 149993 | 110/22-പാലിയേറ്റീവ് കെയർ | 149993 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 98790 | 177/22-പാലിയേറ്റീവ് കെയർ | 98790 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1120000 | 101/22-ലൈഫ് (ജനറൽ) | 1120000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | 106/22-ലൈഫ് (എസ്റ്റി) | 400000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | 11/22-ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 280000 | 23/22- പാൽ സബ്സിഡി | 280000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | | 660700 | 159/22- പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം | 160725 | 0 |
| | 2021-22 | | 129/22-കോവിഡ്- 19 | 499975 | |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 660000 | 110/22-ലൈഫ് ഭവന പദ്ധതി | 660000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 32104 | ലൈഫ് മിഷൻ | 0 | 32104 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 2015000 | 17/22-ഉഴവുകൂലി | 2015000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 15500 | 22/22-ഉഴവുകൂലി (എസ്.സി) | 15500 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 280000 | 23/22-പാൽ സബ്സിഡി | 280000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | 24/22-പാൽ സബ്സിഡി (എസ്‌സിപി) | 50000 | 0 |

മുൻവർഷങ്ങളിൽ ലഭ്യമായതും വിനിയോഗിക്കാൻ കഴിയാത്തതുമായ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 322/22, വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22101377/ 11.2.22 | 92553 (തനത് ഫണ്ട്) | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | 198/22, വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 22100652/ 27.8.21-98156<br>22101336/ 5.2.22- 23242<br>22101154/ 8.12.21- 8763<br>22100792/ 28.9.21-87202<br>22101155/ 15.12.21- 66674<br>22100967/ 30.10.21- 19212<br>22101705/ 21.3.22- 24932 | 328181 (തനത് ഫണ്ട്) | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഹഡ്കോ ലോൺ വരവില്ല. ലോൺ ഇനത്തിൽ ലഭ്യമായതിൽ 106117 രൂപ മുൻവർഷം വിനിയോഗിക്കാൻ കഴിയാതെ അവശേഷിച്ചത് ഓഡിറ്റ് വർഷം വിനിയോഗിച്ചിട്ടുണ്ട്.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഭവന നിർമ്മാണം | GO(MS) No.68/ 2018. LSGD Dt.18.5.2018 | (2020-21) +63741451 (2021-22ലെ വരവ് -ഇല്ല | 63741451 | 6453334 | - | 57288117 |

2020-21 വർഷത്തിൽ 73529/-രൂപയുടെ തിരിച്ചടവ് കൃത്യമായി ജേണൽ എൻട്രി ചെയ്യാത്തതിനാൽ വാർഷികകണക്ക് ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെട്ടിരുന്നു. ഓഡിറ്റ് വർഷം ആയത് ക്രമീകരിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കഞ്ചിക്കോട് സർവീസ് കോ.ഓപ്പ് ബാങ്ക് | 19.12.2021 | 12 മാസം | 20000000 | |
| 2 | കഞ്ചിക്കോട് സർവീസ് കോ.ഓപ്പ് ബാങ്ക് | 25.8.2021 | 6 മാസം | 5000000 | 7.2.2022ന് 7.2.2023 വരെ പുതുക്കിയിട്ടുണ്ട്. |
| 3 | പാലക്കാട് ഡിസ്ട്രിക്റ്റ് കോ.ഓപ്പ്. ബാങ്ക് | 29.7.2021 | 6 മാസം | 10000000 | 11.2.2022ന് 11.2.2023 വരെ പുതുക്കിയിട്ടുണ്ട്. |
| 4 | പാലക്കാട് ഡിസ്ട്രിക്റ്റ് കോ.ഓപ്പ്. ബാങ്ക് | 29.7.2021 | 6 മാസം | 5000000 | 11.2.2022ന് 11.2.2023 വരെ പുതുക്കിയിട്ടുണ്ട്. |
| ആകെ | | | | 40000000 | |

മേൽ സ്ഥിര നിക്ഷേപത്തിന്റെ പലിശ ഇനത്തിൽ ലഭ്യമായ ₹2771902/- കനറാ ബാങ്ക്, തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | --- | 2003-04 | 3.9.4 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാനുള്ളത് -₹20560/- | സമിതി ഒഴിവാക്കി. അന്തിമ തീരുമാനം രേഖാമൂലം ലഭ്യമായിട്ടില്ല. |
| 2000-01 | 2-8 | 2006-07 | 3.63.1 | തൊഴിൽ നികുതി -കുടിശ്ശിക പിരിവ്- പിഴ പലിശ | തൊഴിൽ നികുതിയിനത്തിലെ കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്തു. |
| വിഷയാധിഷ്ഠിത അവലോകനം | | 2015-16 | 5.2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വൽക്കരണം | സിറ്റിംഗ് കഴിഞ്ഞിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹204273389 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹208780531 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹530/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹83244/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹4542800/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 530 | | ഡോ.ജയൻ.എം. വെറ്ററിനറി സർജൻ |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 83244 | പ്രസന്നകുമാർ.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 83244 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 11800 | ടി.ഗിരീഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 531000 | ടി.ഗിരീഷ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 4000000 | പി.കെ. അംബുജാക്ഷൻ, സെക്രട്ടറി |
| ആകെ | 4542800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.ഗിരീഷ് , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | കുളത്തിയാൽ വീട് കവക്കാരക്കളം , കൊഴിഞ്ഞാമ്പാറ |
| ശ്രീ.പി.കെ. അംബുജാക്ഷൻ, സെക്രട്ടറി | സെക്രട്ടറി പുതുനഗരം ഗ്രാമപഞ്ചായത്ത് | വാഴക്കോട്ടുകുളം വീട്, കുത്തനൂർ പി.ഒ), പാലക്കാട്. |
| ശ്രീ. ജയൻ.എം. വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | ശീതൾ, കല്യാണി നഗർ, രാമനാഥപുരം, പാലക്കാട്-678 001 |
| പ്രസന്നകുമാർ.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | അടിയാർ ഹൗസ്, കൊടുമ്പ് (പി.ഒ.), പാലക്കാട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1995-96 | എൽ.എഫ്.പി.14/386/10/ 4.11.11 | ഓഡിറ്റ് റിപ്പോർട്ട് |
| 1996-97 | എൽ.എഫ്.പി.7/59/02/19.3.2002 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി.7/76/02/19.3.2002. | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി.14/997/06/10.10.06 | സർചാർജ്ജ് നടപടികൾ |
| 1999-00 | എൽ.എഫ്.പി.14/645/07/9.1.2008 | സർചാർജ്ജ് നടപടികൾ |
| 2000-01 | എൽ.എഫ്.പി.14/1516/08/19.3.09 | ഫർദർറിമാർക്സ് |
| 2001-02 | എൽ.എഫ്.പി.14/1552/07/ 10.06.08 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി.14/468/09/8.1.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.14/469/06/3.2.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.14/470/09/5.3.10 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.പി.14/1994/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2006-07 | എൽ.എഫ്.പി.14/335/10/25.1.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി.14/2019/12/3.4.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.14/1732/12/10.9.12 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10, 2010-11 | എൽ.എഫ്.പി.14/1486/13/19.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി.14/1965/14/7.5.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | നം.കെ.എസ്.എ.പി.കെ.ഡി14-1622/2015/15-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി.14/1448/16/ 10.08.16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.14/ /16/ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.14/1898/2017 തിയതി- 08-11-2017 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.പി.കെ.ഡി.14/810/19 തിയതി. 24-07-2019 | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | നം.കെ.എസ്.എ-പികെഡി14/725/ 2020 തിയതി. 10.6.20 | ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | നം.കെ.എസ്.എ-പികെഡി14-1254/ 22 തിയതി, 5.7.2022 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | നം.കെ.എസ്.എ-പികെഡി14-1255/ 22 തിയതി, 6.7.2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

Pudusseri Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 73111361.00 |
| Cash | Cash | RP-40(a) | 206103.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 15332803.00 |
| 130000000 | Rental income from Panchayat Properties | RP-3 | 900.00 |
| 140000000 | Fees & User Charges | RP-4 | 2822891.00 |
| 150000000 | Sale & Hire Charges | RP-5 | 407652.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 102940458.00 |
| 171000000 | Interest Earned | RP-9 | 1747156.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24391942.00 |
| 350000000 | Other Liabilities | RP-36 | 3929546.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 2771902.00 |
| 180000000 | Other Income | RP-10 | 12500.00 |
| 340000000 | Deposits Received | RP-34 | 343738.00 |
| 350000000 | Other Liabilities | RP-36 | 1295135.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 47080707.00 |
| 460000000 | Loans, Advances and Deposits | RP-47 | 1196059.00 |
| | Grand total | | 277590853.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5652006.00 |
| 220000000 | Administrative Expenses | RP-12 | 4818509.00 |
| 230000000 | Operations & Maintenance | RP-13 | 8396973.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 16546510.00 |
| 251000000 | Decentralised Plan | RP-16 | 34386196.00 |

| | | | |
|---|---|---|---|
| | Programme-Service Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1261395.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 421600.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 549483.00 |
| 255000000 | Maintenance Projects | RP-20 | 16808616.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 94270.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -94870.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6297818.00 |
| 350000000 | Other Liabilities | RP-36 | 55808388.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 101658.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -145540.00 |
| 340000000 | Deposits Received | RP-34 | 247965.00 |
| 341000000 | Deposit Works | RP-35 | 20350.00 |
| 350000000 | Other Liabilities | RP-36 | 6771339.00 |
| 410000000 | Fixed Assets | RP-38 | 5318259.00 |
| 412000000 | Capital work in Progress | RP-40 | 6979400.00 |
| 420000000 | Investments | RP-41 | 877642.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 35986080.00 |
| 460000000 | Loans, Advances and Deposits | RP-47 | 1676484.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 68547008.00 |
| Cash | Cash | RP-40(b) | 263314.00 |
| | Grand Total | | 277590853.00 |

| Pudusseri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 39254647.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 80010.00 |
| 140000000 | Fee & User Charges | I-4(b) | 4961895.00 |
| 150000000 | Sale & Hire Charges | I-5(b) | 410652.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 299588600.00 |
| 170000000 | Income from Investments | I-7 | 2771902.00 |
| 171000000 | Interest Earned | I-8 | 1747156.00 |
| 180000000 | Other Income | I-9 | 12500.00 |
| | Total Income | | 348827362.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 21559674.00 |
| 220000000 | Administrative Expenses | I-11(b) | 5080554.00 |
| 230000000 | Operations & Maintenance | I-12(b) | 9608270.00 |
| 240000000 | Interest & Finance Charges | I-13 | 101658.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16546510.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 110156979.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 11557041.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 792100.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under | I-14(d) | 120588383.00 |

| | | | |
|---|---|---|---|
| | Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 16808616.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 94270.00 |
| | Total Expenditure | | 312894055.00 |
| | Gross Surplus / Deficit of income over Expenditure | | 35933307.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 732972.00 |
| | Net difference (Prior period Income - Prior period Expenditure) | | 35200335.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| Pudusseri Grama Panchayat<br>BALANCE SHEET<br>As on 31-March-2022 | | | |
|---|---|---|---|
| Code No. | Description of Items | Schedule No. | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 291238413.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 110148548.00 |
| | Total Reserve & Surplus | | 401386961.95 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15068835.00 |
| | Total Grants, Contributions for Specific Purposes | | 15068835.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 57288117.00 |
| | Total Loans | | 57288117.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3057088.00 |
| 341000000 | Deposits Works | B-8 | 381906.00 |
| 350000000 | Other Liabilities | B-9 | 8143272.05 |
| | Total Current Liabilities and Provisions | | 11582266.05 |
| | TOTAL LIABILITIES | | 485326180.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 276738516.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -24104838.00 |
| 412000000 | Capital Work in Progress | B-11(a) | 6979400.00 |
| | Total Fixed Assets | | 259613078.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 40000000.00 |
| | Total Investments | | 40000000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 47489056.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 57288117.00 |
| 450000000 | Cash and Bank Balance | B-17 | 68810322.00 |
| 460000000 | Loans, Advances and Deposits | B-18 | 12125607.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 185713102.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 485326180.00 |

ഡെപ്യൂട്ടി ഡയറക്ടർ